**സാമൂഹ്യനീതി ഡയറക്ടറുടെ നടപടിക്രമങ്ങൾ**
**( ഹാജർ പി.ബി നൂഹ്, ഐ.എ.എസ് )**

തിരുവനന്തപുരം
**ഉത്തരവ് നം ഇ9/1512/18** തീയതി 03/02/2018

വിഷയം :- സാമൂഹ്യനീതി വകുപ്പ് - പ്രൊബേഷൻ ഓഫീസർ ഗ്രേഡ് 2 തസ്തികയിലേയ്ക്ക് ഓപ്ഷൻ സമർപ്പിച്ചിട്ടുള്ള ഹെഡ് അക്കൗണ്ടന്റ്/ ഹെഡ് ക്ലാർക്ക് തസ്തികയിലെയും ചൈൽഡ് വെൽഫയർ ഇൻസ്പെക്ടർ/ ക്ഷേമസ്ഥാപന സൂപ്രണ്ട് ഗ്രേഡ് 3 തസ്തികയിലെ ജീവനക്കാരുടെ ഓപ്ഷൻ അംഗീകരിച്ച് സംയുക്ത സീനിയോറിറ്റി ലിസ്റ്റ്- കരട് പ്രസിദ്ധീകരിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു.

പരാമർശം :-1) ജി.ഒ.(പി) നം 54/2010/സാ.ക്ഷേ.വ തീയതി 10/08/2010
2) ജി.ഒ.(പി) നം 78/2010/സാ.ക്ഷേ.വ തീയതി 27/12/2012
3) സാമൂഹ്യനീതി ഡയറക്ടറുടെ 31/5/17 ലെ ഇ7/20316/17 നമ്പർ കത്ത്
4) സർക്കാർ കത്ത് നം എ2/285/2017/സാനീവ തീയതി 30/11/2017

സാമൂഹ്യനീതി വകുപ്പിലെ പ്രൊബേഷൻ ഓഫീസർ ഗ്രേഡ് 2 തസ്തികയിൽ പരാമർശം (1), (2) വിശേഷാൽ ചട്ടങ്ങളുടെ അടിസ്ഥാനത്തിൽ പി.എസ്.സി വഴി നേരിട്ടും ചൈൽഡ് വെൽഫെയർ ഇൻസ്പെക്ടർ/ ക്ഷേമസ്ഥാപന സൂപ്രണ്ട് ഗ്രേഡ് 3 തസ്തികയിലെ ജീവനക്കാരിൽ നിന്നും ഉദ്യോഗക്കയറ്റം മുഖേനയും, ഹെഡ് അക്കൗണ്ടന്റ്/ ഹെഡ് ക്ലാർക്ക് തസ്തികയിലെ ജീവനക്കാരിൽ നിന്നും ഓപ്ഷൻ സമർപ്പിച്ചിട്ടുള്ള ജീവനക്കാരിൽ നിന്നും ബൈട്രാൻസ്ഫർ മുഖേനയുമാണ് നിയമനം നൽകുന്നത്. ടി തസ്തികയിൽ ബൈട്രാൻസ്ഫർ നിയമനം ലഭിയ്ക്കുവാൻ അർഹരായ ജീവനക്കാരിൽ നിന്നും പരാമർശം (3) പ്രകാരം ഓപ്ഷൻ ക്ഷണിച്ചതിനെ തുടർന്ന് ഹെഡ് അക്കൗണ്ടന്റ്/ ഹെഡ് ക്ലാർക്ക് തസ്തികയിലെ 6 ജീവനക്കാരും ചൈൽഡ് വെൽഫെയർ ഇൻസ്പെക്ടർ / ക്ഷേമസ്ഥാപന സൂപ്രണ്ട് ഗ്രേഡ് 3 തസ്തികയിലെ 4 ജീവനക്കാരും ഓപ്ഷൻ സമർപ്പിച്ചിട്ടുണ്ട്.

ടി ജീവനക്കാരെ നിലവിൽ ഒഴിവുള്ള പ്രൊബേഷൻ ഓഫീസർ ഗ്രേഡ് 2 തസ്തികയിൽ ഒഴിവിൽ പരിഗണിയ്ക്കുന്നതിന് ഹെഡ് അക്കൗണ്ടന്റുമാരുടെയും ചൈൽഡ് വെൽഫെയർ ഇൻസ്പെക്ടർമാരുടെയും സംയുക്ത സീനിയോറിട്ടി ലിസ്റ്റ് ലഭ്യക്കുവാൻ പരാമർശം (4) പ്രകാരം സർക്കാർ നിർദ്ദേശിച്ചിട്ടുണ്ട്.

ഈ സാഹചര്യത്തിൽ പ്രൊബേഷൻ ഓഫീസർ ഗ്രേഡ് 2 തസ്തികയിൽ നിയമനം ലഭിയ്ക്കുന്നതിനായി ഓപ്ഷൻ സമർപ്പിച്ച ഹെഡ് അക്കൗണ്ടന്റുമാരുടെയും ചൈൽഡ് വെൽഫെയർ ഇൻസ്പെക്ടർമാരുടെയും ഓപ്ഷൻ അംഗീകരിച്ച് ടി ജീവനക്കാരുടെ സംയുക്ത സീനിയോറിട്ടി ലിസ്റ്റിന്റെ കരട് ഇതോടൊപ്പം പ്രസിദ്ധീകരിച്ച് ഉത്തരവ് പുറപ്പെടുവിയ്ക്കുന്നു. ക്രമ നം 3 ആയി ഉൾപ്പെടുത്തിയിട്ടുള്ള ശ്രീ.പി.കെ ഷിജു, ഡിപ്പാർട്ട്മെന്റ് ടെസ്റ്റ് പാസ്സായ വിവരം രേഖകൾ സഹിതം ഏഴ് ദിവസത്തിനകം ലഭ്യമാക്കേണ്ടതാണ്.

ഈ സീനിയോറിറ്റി ലിസ്റ്റ് സംബന്ധിച്ച് എന്തെങ്കിലും ആക്ഷേപങ്ങളോ, പരാതികളോ ഉണ്ടെങ്കിൽ **ഉത്തരവ് തീയതി മുതൽ 7 ദിവസത്തിനുള്ളിൽ** ഈ കാര്യാലയത്തിൽ രേഖാമൂലം സമർപ്പിക്കേണ്ടതാണ്. നിശ്ചിത തീയതി കഴിഞ്ഞ് ലഭിക്കുന്ന ആക്ഷേപങ്ങൾ/ പരാതികൾ യാതൊരു കാരണവശാലും പരിഗണിക്കുന്നതല്ല.

**(ഒപ്പ്)**
**സാമൂഹ്യനീതി ഡയറക്ടർ**

ബന്ധപ്പെട്ട ജീവനക്കാർക്ക്

പകർപ്പ്

1) ബന്ധപ്പെട്ട കാര്യാലയമേധാവികൾക്ക്
2) സൂപ്രണ്ട്, ഐ.റ്റി സെക്ഷൻ ( വെബ്സൈറ്റ് പ്രസിദ്ധീകരണത്തിന്)
3) സ്റ്റോക്ക് ഫയൽ/ ഓഫീസ് കോപ്പി.

ഉത്തരവിൻ പ്രകാരം

സൂപ്രണ്ട്

സാമൂഹ്യ നീതി വകുപ്പിലെ പ്രൊബേഷൻ ഓഫീസർ ഗ്രേഡ് 2 തസ്തികയിൽ ഉദ്യോഗക്കയറ്റം ലഭിയ്ക്കുന്നതിനായി ഓപ്ഷൻ സമർപ്പിച്ച ഹെഡ് അക്കൗണ്ടന്റ്/ഹെഡ് ക്ലാർക്ക് തസ്തികയിലെയും ചൈൽഡ് വെൽഫെയർ ഇൻസ്പെക്ടർ/ സൂപ്രണ്ട് ഗ്രേഡ് 3 തസ്തികയിലെയും ജീവനക്കാരുടെയും സംയുക്ത കരട് സീനിയോറിറ്റി ലിസ്റ്റ്.

(സാമൂഹ്യനീതി ഡയറക്ടറുടെ 03/02/2018 ലെ ഇ.9/1512/18 നമ്പർ നടപടിക്രമങ്ങൾ)

| ക്രമ നം | പേര് | തസ്തിക | ജനനതീയതി | വിദ്യാഭ്യാസ യോഗ്യത | | സ്ഥാനക്കയറ്റ ഉത്തരവ് നം & തീയതി | അഭിപ്രായം |
|---|---|---|---|---|---|---|---|
| | | | | ജനറൽ | സ്പെഷ്യൽ | | |
| 1 | 2 | 3 | 4 | 5 | 6 | 7 | 8 |
| 1 | ശ്രീ.ടി.ഡി.ജോർജ്ജ് കുട്ടി | CWI | 08-05-1967 | MA, MSW | | E7/20341/12 dt. 29-6-2012 | |
| 2 | ശ്രീ. ജി.സന്തോഷ് | CWI | 25-04-1973 | BSc | A/c (L)-01/12 | E7/20341/12 dt. 29-6-2012 | |
| 3 | ശ്രീ.പി.കെ.ഷിജു | CWI | 20-05-1978 | SSLC, Leather Works | | E7/16/2015 dt. 05-02-2015 | |
| 4 | ശ്രീ.എസ്.ഷാജഹാൻ | CWI | 18-4-1967 | BSc Botany, Post Graduate Diploma in Industrial Relations & Personnel Management | A/c (L) | E7/35323/15/ dt. 06-11-2015 | |

| | | | | | | | |
|---|---|---|---|---|---|---|---|
| 5 | ശ്രീമതി.റ്റി.കെ. ഉഷ | Head Accountant | 03/05/1964 | MSc, HDC | A/C Test (L) 12/2001 | E7/11977/16 dt. 14-03-2016 | |
| 6 | ശ്രീ. ജി.മനോജ് | Head Accountant | 25-04-1968 | B Com | A/C Test (L) 06/2002 | E7/11977/16 dt. 14-03-2016 | |
| 7 | ശ്രീ. സി.എസ്.സുരേഷ് കുമാർ | Head Accountant | 30-05-1968 | PDC, DCA | A/C Test (L) 12/2003 | E7/11977/16 dt. 04-10-2016 | |
| 8 | ശ്രീമതി. തനൂജ.പി.ബേബി | Head Accountant | 24-04-1967 | BSc, HDC | A/C Test (L) 01/06 | E7/11977/16 dt. 04-10-2016 | |
| 9 | ശ്രീ.സി.ബി.മുരളീധരൻ | Head Accountant | 01/06/1964 | BA, Type - Eng(H) | A/C Test (L&H) 5/05 | E7/11977/16 dt. 04-10-2016 | |
| 10 | ശ്രീ.എം.വിജയൻ | Head Accountant | 30-05-1966 | BSc | A/c Test (H)12/94 | E7/11977/16 dt. 16-01-2017 | |

സാമൂഹ്യനീതി ഡയറക്ടർക്കു വേണ്ടി